**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2955** **03-08-2021 - ൽ മറുപടിയ്ക്ക്**

**കായിക മേഖലയിലെ വികസന പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. ശൈലജ ടീച്ചർ | | **Shri.V. Abdurahiman**<br>(കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | കേരളത്തിൽ കായിക മേഖലയുടെ വികസനത്തിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ ഏതൊക്കെയാണ്; അവയുടെ വിശദാംശം നൽകാമോ; | (എ) | കേരളത്തിൽ കായിക മേഖലയുടെ സമഗ്ര വികസനത്തിനായി വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. ഓപ്പറേഷൻ ഒളിമ്പ്യ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ മുഖേന ഒളിമ്പിക്സിൽ കേരള കായിക താരങ്ങൾ രാജ്യത്തിനായി മെഡൽ കരസ്ഥമാക്കുന്നത് ലക്ഷ്യമാക്കി അത്ലറ്റിക്സ്, ബോക്സിംഗ്, സൈക്ലിംഗ്, സ്വിമ്മിംഗ്, ഷൂട്ടിംഗ്, റസ്ലിംഗ്, ബാഡ്മിന്റൺ, കനോയിംഗ് & കയാക്കിംഗ്, ഫെൻസിംഗ്, റോവിംഗ്, ആർച്ചറി എന്നീ 11 കായിക ഇനങ്ങളിലെ തിരഞ്ഞെടുക്കപ്പെട്ട കായിക താരങ്ങൾക്ക് അന്തർദേശീയ നിലവാരത്തിലുള്ള പരിശീലനം നൽകുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് "ഓപ്പറേഷൻ ഒളിമ്പ്യ". ആദ്യഘട്ടത്തിൽ ആർച്ചറി, ഷൂട്ടിംഗ് എന്നീ കായികയിനങ്ങളെ ഒഴിവാക്കിയിരുന്നു. തുടർന്ന് സൈക്ലിംഗ്, റസ്ലിംഗ്, സ്വിമ്മിംഗ്, കനോയിംഗ് & കയാക്കിംഗ് എന്നിവ ഓപ്പറേഷൻ ഒളിമ്പ്യയിൽ നിന്നും ഒഴിവാക്കി ഫീഡിംഗ് സെന്ററായി (സി.എസ്.എച്ച്. മോഡൽ) തുടരുവാനും തീരുമാനിച്ചിട്ടുണ്ട്. എലൈറ്റ് സ്കീം മികച്ച കായിക താരങ്ങൾക്ക് ശാസ്ത്രീയമായ ഉന്നത പരിശീലനം നൽകി ലോകോത്തര നിലവാരമുള്ള കളിക്കാരാക്കി മാറ്റുന്നതിന് അത്ലറ്റിക്സ്, വോളീബോൾ, ഫുട്ബോൾ, ബാസ്കറ്റ് ബോൾ എന്നീ കായിക ഇനങ്ങളിൽ എലൈറ്റ് ട്രെയിനിംഗ് സെന്ററുകൾ കേരള സംസ്ഥാന സ്പോർട്സ് കൗൺസിലിനു കീഴിൽ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ 31 ജില്ലാ സ്പോർട്സ് അക്കാഡമികൾ, 51 കോളേജ് സ്പോർട്സ് അക്കാഡമികൾ, 22 സ്കൂൾ സ്പോർട്സ് അക്കാഡമികൾ എന്നിവയിലൂടെ മികച്ച കായിക പരിശീലനം നൽകി വരുന്നു. കായികരംഗത്ത് മികവാർന്ന നേട്ടങ്ങൾ കരസ്ഥമാക്കുന്ന കായികതാരങ്ങൾക്ക് എല്ലാവർഷവും ജി.വി.രാജാ |

സ്പോർട്സ് അവാർഡ് നൽകി വരുന്നു. മികവുറ്റ കായിക താരങ്ങൾക്ക് പ്രതിമാസം 10000രൂപ വീതം സ്കോളർഷിപ്പായി നൽകി വരുന്നു. കൂടാതെ, കായികയുവജന കാര്യാലയത്തിൻ കീഴിൽ കായിക മികവ് പുലർത്തുന്ന കുട്ടികളെ ചെറുപ്രായത്തിൽ കണ്ടെത്തി ബാസ്കറ്റ്ബോൾ, അത്ലറ്റിക്സ്, ഫുട്ബോൾ, നീന്തൽ, ജൂഡോ, ബോക്സിംഗ് എന്നീ കായിക ഇനങ്ങളിൽ അടിസ്ഥാനപരിശീലനം ലഭ്യമാക്കുന്നതിനായി ഗ്രാസ് റൂട്ട് പരിശീലന പരിപാടികളായ ഹൂപ്സ്, സ്പ്രിന്റ്, കിക്കോഫ്, സപ്ലാഷ്, ജൂഡോക്ക, പഞ്ച് എന്നീ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. കൂടാതെ സ്കൂളുകളെ സ്പോട്ടിംഗ് ഹബ്ബുകൾ ആക്കുന്നതിന് പ്ലേ ഫോർ ഹെൽത്ത് സ്കീം എന്നിവ നടപ്പിലാക്കി വരുന്നു. കേരളത്തിന്റെ സമഗ്രമായ കായികവികസനം ലക്ഷ്യമിട്ട് കായികയുവജനകാര്യാലയവും ഓസ്ട്രേലിയയിലെ വിക്ടോറിയ യൂണിവേഴ്സിറ്റിയുമായി സഹകരിച്ചുള്ള പദ്ധതിയായ സ്പോർട്സ് എക്സലൻസ് ത്രൂ ഇന്റർനാഷണൽ പാർട്ടണർഷിപ്പ് നടപ്പിലാക്കിവരുന്നു. ജി.വി.രാജാ സ്പോർട്സ് സ്കൂൾ, കണ്ണൂർ സ്പോർട്സ് ഡിവിഷൻ എന്നിവിടങ്ങളിലെ കുട്ടികളുടെ കായിക ക്ഷമത വിലയിരുത്തുന്നതിന് രാമചന്ദ്ര ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹയർ എഡ്യൂക്കേഷൻ ആന്റ് റിസർച്ച് ഡീംഡ് യൂണിവേഴ്സിറ്റിയും കായികയുവജന കാര്യാലയവും സംയുക്തമായി നടത്തുന്ന പദ്ധതിയാണ് സയൻസ് & ടെക്നോളജി അസസ്മെന്റ് ഓഫ് സ്റ്റുഡന്റ്സ്. അന്താരാഷ്ട്ര നിലവാരമുള്ള ഫുട്ബോൾ താരങ്ങളെ വാർത്തെടുക്കുന്നതിനായി പ്രൊഫഷണൽ ഫുട്ബോൾ ക്ലബ്ബുകളുമായി സഹകരിച്ച് ഫുട്ബോൾ അക്കാഡമികൾ ആരംഭിക്കുന്നതിനുള്ള പദ്ധതിയാണ് സ്പോർട്സ് കേരള ഫുട്ബോൾ അക്കാഡമി. കായികയുവജനകാര്യാലയത്തിൻ കീഴിൽ രണ്ട് സ്പോർട്സ് സയൻസ് സെന്ററുകൾ തൃശ്ശൂർ, കണ്ണൂർ ജില്ലകളിൽ ആരംഭിക്കുന്നതിന് അനുമതി നൽകുകയും പ്രാരംഭ നടപടികൾ സ്വീകരിച്ചു വരികയുമാണ്. കുന്നംകുളം ഗവൺമെന്റ് മോഡൽ ബോയ്സ് ഹൈസ്കൂളിൽ 7, 8 ക്ലാസ്സുകളിലേയ്ക്കായി ഓരോ സ്പോർട്സ് ഡിവിഷനുകൾ ആരംഭിക്കുന്നതിനായി അനുമതി നൽകിയിട്ടുണ്ട്. നിലവിൽ സ്പോർട്സ് ഡിവിഷനുവേണ്ടിയുള്ള ഫുട്ബോൾ മൈതാനം, ഇൻഡോർ സ്റ്റേഡിയം എന്നിവ സജ്ജമാണ്. കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി 14 ജില്ലാ സ്റ്റേഡിയങ്ങളും 43 പഞ്ചായത്ത് സ്റ്റേഡിയങ്ങളും ഉൾപ്പെടെ ഏകദേശം 1000 കോടി രൂപ മുതൽമുടക്കിൽ നിർമ്മിക്കുന്നതിന് വിവിധ പദ്ധതികൾ

| | | | |
|---|---|---|---|
| | | | ആവിഷ്കരിച്ചിട്ടുണ്ട്. കൂടാതെ സർക്കാർ ഉടമസ്ഥതയിലുള്ള ജി.വി.രാജ സ്പോർട്സ് സ്കൂൾ, മൈലം, സ്പോർട്സ് ഡിവിഷൻ കണ്ണൂർ എന്നിവിടങ്ങളിലെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിനായി വിവിധ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. എല്ലാവർക്കും ആരോഗ്യം എന്ന ലക്ഷ്യത്തോടെ ആരംഭിച്ച സ്പോർട്സ് ലൈഫ് ഫിറ്റ്നസ് സെന്ററുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതികളും നടപ്പിലാക്കി വരുന്നുണ്ട്. കായിക നിർമ്മിതികളുടെ കൃത്യമായ പരിപാലനത്തിനും നടത്തിപ്പിനും പുതിയ സ്റ്റേഡിയങ്ങൾ നിർമ്മാണത്തിനുമായി കായികവകുപ്പിന് കീഴിൽ സ്പോർട്സ് കേരള ലിമിറ്റഡ് എന്ന പബ്ലിക് സെക്ടർ കമ്പനി രൂപീകരിച്ചിട്ടുണ്ട്. നിലവിലുള്ള കായിക നിർമ്മിതികളെ പ്രസ്തുത കമ്പനിയുടെ കീഴിൽ കൊണ്ടു വരുന്നതിനും സംസ്ഥാനത്തുടനീളമുള്ള കായിക സമുച്ചയങ്ങളുടെ ഏകീകൃതവും വ്യവസ്ഥാപിതവുമായ നടത്തിപ്പ് എന്നിവയുമാണ് ലക്ഷ്യമിടുന്നത്. |
| (ബി) | കായിക മേഖലയുടെ വികസനത്തിനായി മട്ടന്നൂർ നിയോജക മണ്ഡലത്തിൽ മുൻ സർക്കാർ ഭരണാനുമതി നൽകിയ പദ്ധതികൾ ഏതൊക്കെയാണ്; അവയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ? | (ബി) | അത്ലറ്റിക്സ് ഗ്രാസ്റൂട്ട് പരിശീലന പരിപാടിയായ സ്പ്രിന്റ് പദ്ധതി നടപ്പിലാക്കുന്നതിനായി തെരഞ്ഞെടുത്ത ആറ് സ്കൂളുകളിലൊന്ന് മട്ടന്നൂർ നിയോജക മണ്ഡലത്തിലെ ജി.എച്ച്.എസ്.എസ് പടിയൂർ ആണ്. കൂടാതെ ഫുട്ബോൾ ഗ്രാസ് റൂട്ട് പരിശീലന പരിപാടിയായ കിക്കോഫ് മട്ടന്നൂർ നിയോജകമണ്ഡലത്തിലെ ജി.എച്ച്.എസ്.എസ് കൂടാളിയിൽ നടപ്പിലാക്കി വരുന്നു. നിലവിലെ കോവിഡ് 19 പ്രതിസന്ധി കാരണം പ്രസ്തുത പദ്ധതികളുടെ പരിശീലനം ആരംഭിക്കുവാൻ സാധിച്ചിട്ടില്ല. മുൻ സർക്കാരിന്റെ കാലത്ത് മട്ടന്നൂർ നിയോജക മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

## <u>അനുബന്ധം</u>

| നം | പദ്ധതിയുടെ പേര് | ഭരണാനുമതി/കിഫ്ബി അംഗീകരിച്ച തുക |
|---|---|---|
| **കിഫ്ബി പദ്ധതികൾ** | | |
| 1 | മട്ടന്നൂർ സ്റ്റേഡിയം | 4.12 കോടി |
| 2 | മട്ടന്നൂർ സ്വിമ്മിംഗ് പൂൾ | 15 കോടി |
| 3 | പടിയൂർ സ്റ്റേഡിയം (കോളയാട്) | 4.932 കോടി |
| **സ്പോർട്സ് ലൈഫ് ഫിറ്റ്നസ് സെന്റർ** | | |
| 1 | മട്ടന്നൂർ ഫിറ്റ്നസ് സെന്ററിന്റെ ഇന്റീരിയർ പ്രവൃത്തികൾക്കായി | 55.44 ലക്ഷം |
| 2 | മട്ടന്നൂർ ഫിറ്റ്നസ് സെന്ററിന്റെ ഉപകരണങ്ങൾ വാങ്ങുന്നതിനായി * | 50 ലക്ഷം (ഏകദേശ തുക) |

*** 9 ഫിറ്റ്നസ് സെന്ററുകൾക്ക് 4.69 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.**

S.O